പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:177 | 18/06/2012 - ൽ മറുപടിക്ക്

## മത്സ്യസമ്പത്തിനെക്കുറിച്ച് ശാസ്ത്രീയ പഠനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ:<br>,, വർക്കല കഹാർ:<br>,, എ. റ്റി. ജോർജ്:<br>,, ഹൈബി ഈഡൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യസമ്പത്തിനെക്കുറിച്ച് ശാസ്ത്രീയപഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇത് സംബന്ധിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിക്കുമോ;<br>(സി) പഠന വിഷയങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | (ബി) യും (സി) യും<br>മത്സ്യസമ്പത്തിനെക്കുറിച്ചും ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വ ഫലങ്ങളെക്കുറിച്ചും പഠിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. സമിതിയുടെ പഠനത്തിൽ ചുവടെ ചേർക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തുന്നതിനുദ്ദേശിക്കുന്നു:<br>1. സുസ്ഥിര മത്സ്യസമ്പത്ത് നിലനിർത്തുന്നതിന് കടലിൽ നിന്നും പിടിച്ചെടുക്കാവുന്ന മത്സ്യത്തിന്റെ അളവ് നിശ്ചയിക്കൽ. |

2. മത്സ്യം പിടിച്ചെടുക്കുന്നതിന് ആവശ്യമായ മത്സ്യബന്ധന യാനങ്ങളുടെ (യന്ത്രവൽകൃത ബോട്ടുകൾ, ട്രോളറുകൾ, മോട്ടോറൈസ്ഡ് യാനങ്ങൾ, പരമ്പരാഗത യാനങ്ങൾ തുടങ്ങിയവ) തരംതിരിക്കൽ.
3. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന യാനങ്ങളുടെ വലിപ്പം, എഞ്ചിന്റെ പരമാവധി കുതിര ശക്തി, വലയുടെ നീളം/കണ്ണിവലിപ്പം എന്നിവ ഏത് തരം മത്സ്യബന്ധനം നടത്തുന്നു എന്നതുമായി തുലനം ചെയ്ത് അവയുടെ അളവ് നിജപ്പെടുത്തൽ.
4. പുതുതായി മത്സ്യബന്ധന യാനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കേണ്ടതാണോ എന്ന് വിലയിരുത്തൽ.
5. സുസ്ഥിരമായി കടൽ മത്സ്യ സമ്പത്ത് നിലനിർത്തുന്നതിനും, പരിപാലിക്കുന്നതിനുമുള്ള നൂതന സാങ്കേതിക വിദ്യകൾ ശുപാർശ ചെയ്യൽ.

Reji Rajendran

സെക്ഷൻ ഓഫീസർ